(ii) യുദ്ധകാലം (1919–1945)

മധ്യപൗരസ്ത്യ ദേശത്ത് എല്ലാ രംഗത്തും സാരമായ മാറ്റങ്ങൾ വരുത്തിയ സംഭവമായിരുന്നു ഒന്നാം ലോകയുദ്ധം. ചരിത്ര രചനാ രംഗത്തും പുതിയൊരു കാലഘട്ടത്തിന് അത് തുടക്കം കുറിച്ചു. വികാസം, പ്രൊഫഷനലൈസേഷൻ, സർവകലാശാലാ കേന്ദ്രീകരണം, യൂറോപ്യൻ രീതിയോട് സാദൃശ്യം, നിർണിത ഇതിവൃത്തം എന്നിവയായിരുന്നു പുതിയ ചരിത്രരചനാ രീതിയുടെ സവിശേഷതകൾ. കൈറോ, ഇസ്തംബൂൾ, തെഹ്റാൻ യൂനിവേഴ്സിറ്റികൾ പുതിയ ചരിത്രരചനാ രീതിയുടെ വളർച്ചയിൽ കാര്യമായ പങ്കുവഹിച്ചു. നിരവധി ചരിത്ര പണ്ഡിതന്മാർ യൂറോപ്പിൽനിന്ന് –വിശിഷ്യാ പാരീസിൽനിന്ന്– ഡോക്ടറേറ്റ് നേടി എന്നതും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. യൂറോപ്യരെ ഉദ്ദേശിച്ച് ഫ്രഞ്ചിലും ഇംഗ്ലീഷിലും നാട്ടുകാരെ ഉദ്ദേശിച്ച് അറബിയിലും പേർഷ്യനിലും തുർകിയിലും എഴുതുക എന്ന പുതിയ രീതിക്കും ഈ കാലഘട്ടത്തിലെ ചരിത്രകാരന്മാർ തുടക്കമിട്ടു.

ഈ രണ്ടു ദശാബ്ദങ്ങൾക്കിടയിൽ പരമ്പരാഗത ചരിത്ര രചനാരീതി പൂർണമായും അപ്രത്യക്ഷമായി എന്നു പറഞ്ഞുകൂടാ. ഇക്കാലത്തെ പ്രമുഖ ചരിത്ര ഗ്രന്ഥങ്ങളിൽ ചിലത് പരമ്പരാഗത രീതിയിലുള്ളതു തന്നെയായിരുന്നു. ഇബ്നുൽഅമീൻ മഹ്മൂദ് കമാൽ ഐനലി(1870–1957)ന്റെ ***Osmanli Devrinde Son Sadrazamlar*** ഉം ദമസ്കസിലെ അറബി ഭാഷാ അക്കാദമിയുടെ സ്ഥാപകനായ അഹ്മദ് കുർദ് അലി(1876–1953)യുടെ *ഖിത്വത്വുശ്ശാമും* ഉദാഹരണം. പാശ്ചാത്യ ഓറിയന്റലിസത്തിന്റെ നിരൂപണ രീതികളെക്കുറിച്ച് നല്ല പിടിപാടുണ്ടായിട്ടും ഭൂപ്രദേശങ്ങളുടെ വിവരണത്തിനിടയിൽ ചരിത്രം പ്രതിപാദിക്കുക എന്ന പഴയ സമ്പ്രദായമാണ് കുർദ് അലി സ്വീകരിച്ചത്. ഇബ്നുഅസാകിറി(മ. 1176)ന്റെ കാലം മുതലാരംഭിച്ച ഈ സിറിയൻ രീതി 18–ാം നൂറ്റാണ്ടുവരെ വ്യാപകമായി നിലവിലുണ്ടായിരുന്നു. ഈ രീതിയിൽ രചിക്കപ്പെട്ട പ്രമുഖ കൃതികളിൽ ഏറ്റവും ഒടുവിലത്തേതാണ് *ഖിത്വത്വുശ്ശാം.*

ആധുനിക രീതിയിൽ രചിക്കപ്പെട്ട ചരിത്ര കൃതികൾ അവ പുറത്തിറങ്ങിയ നാടുകളിലെ രാഷ്ട്രീയ-സാംസ്കാരിക വാഗ്വാദങ്ങളുടെ മർമം നേർക്കുനേരെ വിവരിക്കുന്നതായിരുന്നു. സമകാലിക സംഭവങ്ങൾ മാത്രമല്ല, വിദൂര ഭൂതകാലത്തെ ചരിത്ര സംഭവങ്ങളും ഇതേ രീതിയിൽ തന്നെയാണ് വിവരിക്കപ്പെട്ടത്. ആദ്യകാല ഇസ്ലാമിക ചരിത്രത്തിനും 19–ാം നൂറ്റാണ്ടിന്റെ ചരിത്രത്തിനും ഈജിപ്തിൽ ഒരുപോലെ പ്രാമുഖ്യം നല്കപ്പെട്ടു. 19–ാം നൂറ്റാണ്ടു സംബന്ധമായ ശ്രദ്ധേയ ചരിത്ര കൃതികൾ അബ്ദുർറഹ്മാൻ റാഫിഈ(1889–1966)യുടെയും മുഹമ്മദ് സ്വബ്രി(1894–1978)യുടെയും മുഹമ്മദ് ശഫീഖ് ഗിർബാലി(1894–1961)ന്റേതുമാണ്. മുസ്ത്വഫാ കാമിൽ രൂപവൽക്കരിച്ച നാഷനൽ പാർട്ടിയുടെ ശക്തനായ വക്താവായിരുന്ന റാഫിഈ അറബിയിൽ മാത്രമാണ് എഴുതിയത്. പ്രൊഫഷനൽ അക്കാദമിക്കുകളായിരുന്ന സ്വബ്രിയും ഗിർബാലും സോർബോണിൽനിന്ന് ഡോക്ടറേറ്റ് നേടിയവരായിരുന്നു. കൈറോ യൂനിവേഴ്സിറ്റിയിൽ ഉന്നത പദവികൾ വഹിച്ചിരുന്ന ഇരുവരുടെയും മുഖ്യ രചനകൾ ഫ്രഞ്ചിലും ഇംഗ്ലീഷിലുമാണ്.

ഡോ. ത്വാഹാ ഹുസൈന്റെ *ഫിശ്ശിഅ്രിൽ ജാഹിലീ* (കൈറോ 1926), മുഹമ്മദ് ഹുസൈൻ ഹൈകലിന്റെ *ഹയാതു മുഹമ്മദ്* (കൈറോ, 1934), അഹ്മദ് അമീന്റെ *ഫജ്റുൽ ഇസ്ലാം, ദുഹൽ ഇസ്ലാം, ളുഹ്റുൽ ഇസ്ലാം* (കൈറോ 1928–1953) എന്നിവയാണ് ആദ്യകാല ഇസ്ലാമിക ചരിത്രം പ്രതിപാദിക്കുന്ന ശ്രദ്ധേയമായ ആധുനിക ഗ്രന്ഥങ്ങൾ. ഇബ്നു ഖൽദൂനെക്കുറിച്ച പഠനത്തിന് ത്വാഹാ ഹുസൈൻ സോർബോൺ സർവകലാശാലയിൽനിന്ന് ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. നിലവിലുള്ള ജാഹിലീ കവിതകളുടെ പ്രാമാണികതക്കു നേരെ അദ്ദേഹം നടത്തിയ ആക്രമണം യൂറോപ്യൻ ഗ്രന്ഥ നിരൂപണ രീതിയുടെ തനിയാവർത്തനം തന്നെയായിരുന്നു. ഇസ്ലാമിന്റെ വിശുദ്ധിയും ശാസ്ത്രീയ ചരിത്രരീതിയും സമന്വയിക്കാനുള്ള ശ്രമമാണ് ഹൈകലും അഹ്മദ് അമീനും നടത്തിയത്. ആധുനിക നിരൂപണ രീതികൾ ഉപയോഗിച്ചുള്ള ഹൈകലിന്റെ പ്രവാചക ജീവചരിത്രം ആധുനിക ജീവചരിത്രങ്ങളുടെ തനിമയും ഗ്രാഹ്യതയും ഉൾക്കൊള്ളുന്നതാണ്. ആദ്യ സംരംഭമെന്ന നിലയിൽ അഹ്മദ് അമീന്റെ പഠനങ്ങൾ വ്യാപകമായ ആദരവും അംഗീകാരവും പിടിച്ചുപറ്റി. തുർകിയിൽ അതാതുർകിനെ പിൻപറ്റിയ പണ്ഡിതന്മാർ തകർന്നുപോയ ഉഥ്മാനീ സാമ്രാജ്യത്തിൽനിന്ന് പുറംതിരിഞ്ഞ് അതിനെക്കാൾ പുരാതനമായ 'ആധികാരിക' തുർകി ചരിത്രത്തിലാണ് ശ്രദ്ധയൂന്നിയത്, വിശിഷ്യാ സൽജൂഖികളുടെയും മധ്യേഷ്യയുടെയും ചരിത്രത്തിൽ. അത്തരം പ്രമുഖ പണ്ഡിതന്മാരിലൊരാളായിരുന്നു സകീ വലീദി തോഗൻ (1890–1970). റഷ്യൻ തുർകിസ്താനിൽനിന്ന് കുടിയേറിയ അദ്ദേഹം മധ്യേഷ്യയിലെ തുർകി വംശജരുടെ മധ്യകാല-ആധുനിക സാഹിത്യത്തിനും ചരിത്രത്തിനും വേണ്ടി ജീവിതം സമർപ്പിച്ചു. ഏഴാം നൂറ്റാണ്ടിലെ ഒരു പ്രമുഖ വസീർ കുടുംബത്തിലെ പിൻമുറക്കാരനായ മുഹമ്മദ് ഫുആദ് കോപ്രുലു (1890–1966) അനാത്വൂലിയൻ സൽജൂഖികളുടെ ചരിത്രത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഇറാനിൽ രിദാ ഷായുടെ ഭരണകാലത്ത് നവ അക്കേമേനിയനിസ(**Neo Achaemendism**)വും പൗരോഹിത്യ വിരുദ്ധതയും ചരിത്ര രചനയെ സ്വാധീനിച്ചു. രാജഭക്തിയോടൊപ്പം ആഴത്തിലുള്ള ദേശീയബോധവും പൗരോഹിത്യ വിരുദ്ധതയും ഈ കാലഘട്ടത്തിലെ ചരിത്ര കൃതികളിൽ കാണാം. അഹ്മദ് കസ്റാവി(1890–1946)യുടെ രചനകളിൽ ഈ പ്രവണതകൾ മുഴുവൻ പ്രകടമാണ്. പൗരോഹിത്യ വൃത്തി ഉപേക്ഷിച്ച് അഭിഭാഷകനും ജഡ്ജിയും എഴുത്തുകാരനുമൊക്കെയായി മാറിയ അദ്ദേഹം കഴിവുറ്റ ചരിത്രകാരൻ കൂടിയാണെന്ന് തെളിയിച്ചു. ഇറാനിയൻ സാംസ്കാരിക പാരമ്പര്യത്തെയും ശീഇസത്തെയും വിമർശിച്ച അദ്ദേഹത്തിന് ശകാരങ്ങളും അഭിനന്ദനങ്ങളും ഒരുപോലെ ലഭിച്ചു. ഒടുവിൽ അദ്ദേഹം കൊല്ലപ്പെടുകയായിരുന്നു.

അദ്ദേഹത്തിന്റെ ആദ്യകാല കൃതികളിലൊന്നായ *ശഹ്രിയാരാനേ ഗുംനാമി*(വിസ്മൃതരായ ഭരണകർത്താക്കൾ)ൽ സൽജൂഖികൾക്കു മുമ്പ് തന്റെ പ്രവിശ്യ ഭരിച്ചിരുന്ന ഭരണകൂടങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. യുവാവായിരിക്കെ താൻ പങ്കെടുത്ത ഭരണഘടനാ വിപ്ലവത്തെക്കുറിച്ച് മൂന്ന് വാല്യങ്ങളിലായി അദ്ദേഹം എഴുതിയ *താരീഖെ മശ്റൂത്വാഐ ഇറാൻ* എന്ന കൃതിയാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രമുഖമായ ചരിത്ര ഗ്രന്ഥം.

ഈ കാലഘട്ടത്തിലെ ചരിത്രകാരന്മാർ മുഴുവൻ ഭരണകൂടങ്ങൾക്ക് നിർബന്ധപൂർവം കീഴ്പെട്ടവരായിരുന്നില്ല. എന്നല്ല, പലരും ഭരണകൂടങ്ങളെ എതിർക്കുകയും അതിന്റെ പേരിൽ പ്രശ്നങ്ങളിലകപ്പെടുകയും ചെയ്തു. പില്ക്കാലത്ത് പ്രസക്തിയില്ലാത്തവിധം, രചയിതാക്കളുടെ നിലപാടുകളും പക്ഷപാതിത്വവുംകൊണ്ട് കുത്തിനിറച്ചവയായിരുന്നില്ല ആ ചരിത്രഗ്രന്ഥങ്ങളൊന്നും. ഇന്നും അവയ്ക്ക് വായനാ മൂല്യമുണ്ട്. പുതിയ പതിപ്പുകൾ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന റാഫിഈയുടെ കൃതികൾ ഉദാഹരണം. ഈജിപ്ഷ്യൻ, തുർകി, ഇറാനിയൻ മുസ്ലിം സാംസ്കാരികത്തനിമകൾക്കുവേണ്ടിയുള്ള മുറവിളികളടക്കമുള്ള രാഷ്ട്രീയ സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് ഇക്കാലത്തെ കൃതികൾ രൂപംകൊണ്ടത്.